**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1948** **12-09-2023 - ൽ മറുപടിയ്ക്ക്**

**റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡിന് മുകളിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ, റോഡുകളുടെ വശങ്ങളിലുള്ള സ്ലാബില്ലാത്ത ഓടകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവ മൂലമുള്ള റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | റോഡിന് മുകളിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ, റോഡുകളുടെ വശങ്ങളിലുള്ള സ്ലാബില്ലാത്ത ഓടകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവ മൂലമുള്ള റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി, അപകടകരമായ അത്തരം സാധ്യതകൾ നീക്കം ചെയ്യുന്നതിന് റോഡ് സുരക്ഷാ കമ്മീഷണർ ഒരു പൊതു ഉത്തരവ് അതത് ഘടകസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കെ.ആർ.എസ്.എ ആക്റ്റ് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാറശ്ശാല മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ , നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ; എന്നിവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക് ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), പൊതുമരാമത്ത് വകുപ്പ് (റോഡ്സ്), ആരോഗ്യം, വിദ്യാഭ്യാസം, നാറ്റ്പാക്ക്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക് ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), പൊതുമരാമത്ത് വകുപ്പ് (റോഡ്സ്), ആരോഗ്യം, വിദ്യാഭ്യാസം, നാറ്റ്പാക്ക്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ റോഡ് |

| | | | |
|---|---|---|---|
| | | | സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നില്ല. |
| (ഡി) | അനുവദിച്ച പ്രവൃത്തികളിൽ പൂർത്തായാക്കുവാനുള്ളവ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക് ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), പൊതുമരാമത്ത് വകുപ്പ് (റോഡ്സ്), ആരോഗ്യം, വിദ്യാഭ്യാസം, നാറ്റ്പാക്ക്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ